(സി) ഒഴിവുകൾ നികത്തുന്നതിന് നിലവിലുള്ള നിർദ്ദേശങ്ങൾ/വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

ഒൻപതാം പദ്ധതി പ്രവർത്തനംകൊണ്ട് സാക്ഷരരായവർ

152 [5135] ശ്രീ. സി. പി. മുഹമ്മദ്:
" എ. കെ. മണി:
" ടി. വി. ചന്ദ്രമോഹൻ:
" അടൂർ പ്രകാശ്:
" ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒൻപതാം പദ്ധതിയുടെ ആരംഭത്തിൽ എഴുത്തും വായനയും അറിയാത്ത എത്ര പേർ സംസ്ഥാനത്തുണ്ടായിരുന്നു;

(ബി) പ്രസ്തുത പദ്ധതിയുടെ ഒടുവിൽ അവരുടെ എണ്ണം എത്ര ആകാനാണ് ഉദ്ദേശിച്ചിരുന്നത്;

(സി) ഒൻപതാം പദ്ധതി പ്രവർത്തനംകൊണ്ട് ഇത്തരക്കാരുടെ എണ്ണം എത്രകണ്ട് കുറഞ്ഞു;

(ഡി) ഒൻപതാം പദ്ധതിയുടെ ലക്ഷ്യം ഇക്കാര്യത്തിൽ നേടുവാൻ കഴിഞ്ഞുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ഇക്കാര്യത്തിൽ കൃത്യമായ കണക്ക് ലഭ്യമല്ല. 1998-ലാരംഭിച്ച തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യങ്ങളിലൊന്ന് മാത്രമാണ് അവശേഷിക്കുന്ന നിരക്ഷരരെക്കൂടി സാക്ഷരരാക്കുക എന്നത്.

(ബി) തുടർ വിദ്യാഭ്യാസ പദ്ധതിയിൽ തുടർ പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനാൽ നിരക്ഷരതാ നിർമ്മാർജ്ജനത്തിനായി പ്രത്യേക ടാർജറ്റ് നിശ്ചയിച്ചിട്ടില്ല.

(സി) 1991-ൽ സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപനം നടത്തുന്ന സമയത്ത് അവശേഷിച്ചിരുന്ന ഏകദേശം 10.61 ലക്ഷം നിരക്ഷരരിൽ ലഭ്യമായ കണക്കനുസരിച്ച് ഉദ്ദേശം രണ്ട് ലക്ഷം പേരെ കൂടി സാക്ഷരരാക്കാൻ തുടർ വിദ്യാഭ്യാസ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്.

(ഡി) തുടർവിദ്യാഭ്യാസ പദ്ധതിയിൽ നിരക്ഷരതാ നിർമ്മാർജ്ജനത്തിന് മാത്രമായി ഒരു പ്രത്യേക ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. ഇത് തുടർവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി മാത്രമാണ് നടന്നുവരുന്നത്.

ജനവിദ്യാ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ

153 [5136] ശ്രീ. പി. ജയരാജൻ :
" വി. കെ. ചന്ദ്രൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
" ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് തുടർ സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ജനവിദ്യാ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്താറുണ്ടോ;

(സി) ജനവിദ്യാ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക ഓരോ ജില്ലയിലും ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഫണ്ടിൽ നിന്ന് സംസ്ഥാനത്തിന് എന്തു തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഇപ്പോൾ നടക്കുന്ന തുടർ സാക്ഷരതാ പ്രവർത്തനത്തിന്റെ ഘടന വിശദമാക്കാമോ;

(എഫ്) ഓരോ ഘടകത്തിലും ജോലി ചെയ്യുന്നവർക്ക് നൽകി വരുന്ന ശമ്പളം, ഓണറേറിയം എന്നിവ എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ജി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര പേർ ജോലി ചെയ്തുവരുന്നുവെന്ന് വ്യക്തമാക്കുന്ന രേഖ ലഭ്യമാക്കുമോ?

ഉത്തരം

(എ). തുടർവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി പ്രധാനമായും നടന്നുവരുന്നത് സാക്ഷരതാ പരിപാടി, തുല്യതാ പരിപാടി, വരുമാന വർദ്ധക പരിപാടി, ജീവിത ഗുണ നിലവാര വർദ്ധക പരിപാടി, വ്യക്തി താൽപര്യ പരിപോഷണ പരിപാടികൾ എന്നിവയാണ്.

(ബി) ജനവിദ്യാ കേന്ദ്രങ്ങൾ ഇപ്പോൾ നിലവിലില്ല. തുടർവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്.

(സി) ഇത്തവണത്തെ സംസ്ഥാന ബജറ്റിൽ തുടർവിദ്യാഭ്യാസ പരിപാടികൾക്കായി ആദ്യമായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഫണ്ടിൽ നിന്നും 21,68,44,980 രൂപ (ഇരുപത്തി ഒന്ന് കോടി അറുപത്തി എട്ട് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി തൊള്ളായിരത്തി എൺപത് രൂപ) ലഭിച്ചിട്ടുണ്ട്.

(ഇ) ഘടന അനുബന്ധം ആയി ചേർക്കുന്നു. †

(എഫ്) സംസ്ഥാന സാക്ഷരതാമിഷൻ ജീവനക്കാർ:

1. ഡയറക്ടർ
2. അസിസ്റ്റന്റ് ഡയറക്ടർ
3. ഫിനാൻസ് ഓഫീസർ
4. പ്രോഗ്രാം ഓഫീസർ
5. പ്രോജക്ട് കൺസൾട്ടന്റുമാർ
6. അക്കൗണ്ട്സ് ഓഫീസർ
7. പി.ആർ.ഒ.
8. അസി. എഡിറ്റർ
9. ഇന്റേണൽ ഓഡിറ്റർ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

10. ജില്ലാ പ്രോജക്ട് കോർഡിനേറ്റർമാർ
11. അസി. കോർഡിനേറ്റർമാർ
12. ഓഫീസ് അസിസ്റ്റന്റ്
13. പേഴ്സണൽ അസിസ്റ്റന്റ്
14. ഡോക്യുമെന്റേഷൻ അസിസ്റ്റന്റുമാർ
15. കമ്പ്യൂട്ടർ ഓപ്പറേറ്റർ
16. സെക്യൂരിറ്റി
17. ഡ്രൈവർ
18. പ്യൂൺ
19. സ്വീപ്പർ

ഒരു മാസത്തെ ആകെ ശമ്പളം 3.25 ലക്ഷം രൂപ.

ജില്ലാ സാക്ഷരതാമിഷൻ ജീവനക്കാർ:

1. സ്പെഷ്യൽ അസിസ്റ്റന്റുമാർ .. 14
2. മെസഞ്ചർമാർ .. 14

ഒരു മാസത്തെ ശമ്പളം 56,000 രൂപ.

പ്രേരക്, അസിസ്റ്റന്റ് പ്രേരക്മാർ .. 8000

ഒരു മാസത്തെ ആകെ ഓണറേറിയം 51.5 ലക്ഷം രൂപ.

(ജി) സംസ്ഥാന സാക്ഷരതാമിഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അഞ്ച് പേർ ജോലി ചെയ്തുവരുന്നു. (സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു). †

ജില്ല ഇൻഫർമേഷൻ/ പബ്ലിക് റിലേഷൻസ് ഓഫീസർമാരുടെ ഒഴിവുകൾ

154 [5137] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലിമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജില്ല ഇൻഫർമേഷൻ/പബ്ലിക് റിലേഷൻസ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പി.എസ്.സി. വഴി ജില്ല ഇൻഫർമേഷൻ/പബ്ലിക് റിലേഷൻസ് ഓഫീസർമാരെ നേരിട്ട് നിയമിച്ചിട്ട് എത്ര കാലമായി എന്നു വെളിപ്പെടുത്തുമോ;

(സി) ജില്ല ഇൻഫർമേഷൻ/പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുവേണ്ട അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(ഡി) ജില്ല ഇൻഫർമേഷൻ/പബ്ലിക് റിലേഷൻസ് ഓഫീസർമാരായി സംസ്ഥാനത്ത് നിലവിൽ എത്ര പേർ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്; ഇവരെല്ലാംതന്നെ സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ളവരാണോയെന്നു വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly